ഖുത്ബ നമ്പർ
# 31
03-08-2012

بسم الله الرحمن الرحيم ○ نحمده ونصلي على رسوله الكريم ○ وعلى عبده المسيح الموعود

## ജുമുഅ ഖുത്ബ
## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
### ഖലീഫത്തുൽ മസീഹ് അൽഖാമിസ് ايده الله تعالىٰ بنصره العزيز

വിവർത്തനം: എം. നാസിർ അഹ്മദ് കൊടിയത്തൂർ



# ദൈവഭയത്തിന്റെ പൊരുളറിയുക

اِنَّ الَّذِيۡنَ هُمۡ مِّنۡ خَشۡيَةِ رَبِّهِمۡ مُّشۡفِقُوۡنَ ۙ﴿۵۸﴾
وَالَّذِيۡنَ هُمۡ بِاٰيٰتِ رَبِّهِمۡ يُؤۡمِنُوۡنَ ۙ﴿۵۹﴾ وَالَّذِيۡنَ هُمۡ
بِرَبِّهِمۡ لَا يُشۡرِكُوۡنَ ۙ﴿۶۰﴾ وَالَّذِيۡنَ يُؤۡتُوۡنَ مَاۤ اٰتَوۡا وَّقُلُوۡ
بُهُمۡ وَجِلَةٌ اَنَّهُمۡ اِلٰى رَبِّهِمۡ رٰجِعُوۡنَ ۙ﴿۶۱﴾ اُولٰٓئِكَ
يُسٰرِعُوۡنَ فِى الۡخَيۡرٰتِ وَهُمۡ لَهَا سٰبِقُوۡنَ ﴿۶۲﴾
جَزَآؤُهُمۡ عِنۡدَ رَبِّهِمۡ جَنّٰتُ عَدۡنٍ تَجۡرِىۡ مِنۡ تَحۡتِهَا
الۡاَنۡهٰرُ خٰلِدِيۡنَ فِيۡهَاۤ اَبَدًا ؕ رَضِىَ اللّٰهُ عَنۡهُمۡ وَرَضُوۡا عَنۡهُ ؕ
ذٰلِكَ لِمَنۡ خَشِىَ رَبَّهٗ ﴿۹﴾

ഈ ആയത്തുകളുടെ തർജ്ജമ ഇപ്രകാരമാണ്. തങ്ങളുടെ നാഥനെക്കുറിച്ചുള്ള ഭയം നിമിത്തം വിറകൊള്ളുന്നവരും തങ്ങളുടെ നാഥന്റെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവരും, തങ്ങളുടെ നാഥനോട് ഒന്നിനെയും പങ്കുചേർക്കാത്തവരും, തങ്ങളുടെ നാഥങ്കലേക്ക് മടങ്ങിച്ചെല്ലുന്നവരാണെന്ന കാരണത്താൽ ഹൃദയം ഭയപ്പെട്ടുകൊണ്ട് തങ്ങൾ ദാനം ചെയ്യുന്നതെല്ലാം ദാനം ചെയ്യുന്നവരും. അക്കൂട്ടർ നന്മകളിൽ ധൃതിപ്പെടുന്നവരും അവർ അതിലേക്ക് അഹമഹമികയാ മുൻകടക്കുന്നവരുമാണ്.

ഇത് സൂറത്തുൽ മുഅ്മിനീന്റെ ആയത്തുകളാണ്. അടുത്ത ആയത്ത് സൂറത്തുൽ ബയ്യിനയിൽ നിന്നുള്ളതാണ്. അതിന്റെ തർജ്ജമ ഇതാണ്.

തങ്ങളുടെ നാഥന്റെ സവിധത്തിൽ അവർക്കുള്ള പ്രതിഫലം എന്നെന്നും നിലനിൽക്കുന്ന ഉദ്യാനങ്ങളാകുന്നു. അവയുടെ താഴോരത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കും. അവരതിൽ എന്നെന്നും വസിക്കുന്നവരായിരിക്കും. അല്ലാഹു അവരെക്കുറിച്ച് സംതൃപ്തനായി. അവർ അവനെക്കുറിച്ചും സംതൃപ്തരായി. തന്റെ നാഥനെ ഭയപ്പെടുന്നവർക്കുള്ളതാണത്.

റമദാനിൽ നിന്നും പൂർണ്ണമായ പ്രയോജനമെടുക്കുന്നതിനായി നമ്മുടെ വാക്കും പ്രവർത്തിയും നന്നാക്കുമ്പോഴാണ് ഈ നോമ്പ് അല്ലാഹുവിന്റെ സവിധത്തിൽ അവന്റെ സാമീപ്യം കരസ്ഥമാക്കുന്നതിനുതകുകയുള്ളൂ എന്ന് കഴിഞ്ഞ ഖുത്വുബയിൽ ഞാൻ പറഞ്ഞിരുന്നു. അല്ലാഹുവിന്റെ ഭയം മനസ്സിൽ വെച്ചുകൊണ്ട് എടുക്കുന്ന നോമ്പുകളാണ് റമദാന്റെ അനുഗ്രഹത്തിൽ നിന്നും ഫലമെടുക്കാൻ കാരണമായിത്തീരുന്നത്. റമദാനുമായി ബന്ധപ്പെട്ടുകൊണ്ടാണ് കാര്യങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് ദൈവഭയവും അതുമായി ബന്ധപ്പെടുത്തിയാണ് പറഞ്ഞിരിക്കുന്നത്. യഥാർത്ഥത്തിൽ മനുഷ്യൻ ചെയ്യുന്ന ഓരോ നന്മയും തന്നെ ശരിയായ നന്മകളായിത്തീരുന്നത് ദൈവഭയം മനസ്സിലുണ്ടാകുമ്പോഴാണ്. ദൈവഭയത്തെക്കുറിച്ച് വിശദീകരിക്കാനുണ്ടായിരുന്നു. ഇപ്പോൾ ഞാൻ അതിനെ മറ്റു വിഷയത്തോടൊപ്പം വിവരിക്കുന്നതാണ്.

خَشۡيَةٌ ദൈവഭയം എന്ന വാക്ക് നാം ഉപയോഗിക്കാറുണ്ട്. ഇതിന്റെ ആത്മാവ് എന്താണെന്ന് മനസ്സിലാക്കിക്കഴിഞ്ഞാൽ നന്മ ചെയ്യുന്ന അളവ് വർദ്ധിക്കുന്നതാണ്. അതുകൊണ്ട് ഇതി ന്റെ വാക്കർഥവും ഞാൻ വിവരിക്കുന്നതാണ്. خَشۡيَةٌ എന്നതിന്റെ പൊതുവിലുള്ള അർത്ഥം ഭയം എന്നാണ്. ഈ അർത്ഥവും ശരി തന്നെയാണ്. അല്ലാഹുവിന്റെ ഭയം ആരിലാണോ ഉള്ളത് അവരേ ഈ ഭയം നന്മയിലേക്ക് നയിക്കുന്നതാണ്. എന്നാൽ അല്ലാഹുവിനോടുള്ള ഭയം എന്നത് സാധാരണയുള്ള ഭയം പോലെയല്ലെന്ന് മനസ്സിലാക്കേണ്ടതാണ്. അതുകൊണ്ട് നിഘണ്ടുകർത്താക്കൾ അതിന് വിശദീകരണം നൽകിയിട്ടുണ്ട്. ഒരു നിഘണ്ടുവിൽ പറയുന്നു ഖശിയത്ത് എന്നതിൽ ഭയമാണ് ഏറ്റവും കൂടുതൽ മുഴച്ചു നിൽക്കുന്നത്. ഖശ്യത്ത്, ഭയം ഇവ തമ്മിലുള്ള വ്യത്യാസം خَشۡيَةٌ എന്നതിൽ ഏതൊരു അസ്തിത്വത്തെയാണോ ഭയപ്പെടുന്നത് അത് ആ അസ്തിത്വത്തിന്റെ മഹത്വം കാരണമാണ്. സാധാരണ ഭയപ്പെടുക എന്ന് പറയുമ്പോൾ ഭയപ്പെടുന്ന വ്യക്തിയുടെ ബലഹീനതയാണ് പ്രകടമാകുന്നത്. ഇതു സംബന്ധമായി മുസ്‌ലിഹ് മൗഊദ് (റ) നിഘണ്ടുകളുടെ അടിസ്ഥാനത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ഇമാം റാഗിബ് മുഫ്റദാത്തുൽ ഖുർആൻ എന്ന തന്റെ ഗ്രന്ഥത്തിൽ എഴുതുന്നു. خَشۡيَةٌഎന്ന് പറയുന്നത് എന്തെങ്കിലും അസ്തിത്വത്തിന്റെ മഹത്വം കാരണം ഹൃദയത്തിൽ വരുന്ന ഭയത്തിനാണ്. ഏതൊന്നിനെയാണോ മനുഷ്യൻ ഭയപ്പെടുന്നത് അതിനെക്കുറിച്ചുള്ള അറിവ് മനുഷ്യന് ഉണ്ടാകുമ്പോഴാണ് അവന് ഈ ഭയം ഉണ്ടാകുന്നത്.

അതുകൊണ്ടാണ് اِنَّمَا يَخۡشَى اللّٰهَ مِنۡ عِبَادِهِ الۡعُلَمٰٓؤُا അല്ലാഹുവിന്റെ ദാസരിൽ അവനെ ഭയപ്പെടുന്നവർ പണ്ഡിതരാണെന്നെന്ന് ആയത്തിൽ പറയാൻ കാരണം. ഈ ആയത്തിൽ ദൈവഭയത്തോട് ഉലമാഇനെ (പണ്ഡിതരെ) പ്രത്യേകപ്പെടുത്തിയിരിക്കുകയാണ്. ഇമാം റാഗിബ് വാക്കുകളുടെ അർത്ഥങ്ങൾ വിശുദ്ധ ഖുർആനിലെ വിവിധ ആയത്തുകൾ മുഖേന നൽകാറാണുള്ളത്. അതിനാൽ ഇവിടെയും അദ്ദേഹം ഒരായത്ത് ഉദ്ധരിച്ചുകൊണ്ട് ഇതിനെ വിശദീകരിക്കുകയുണ്ടായി.

അല്ലാഹുവിന്റെ മഹത്വത്തെയോർത്ത് ഭയപ്പെടുന്നവരെക്കുറിച്ച് പറയുന്നത് مَنۡ خَشِىَ الرَّحۡمٰنَ بِالۡغَيۡبِ അവർ മറഞ്ഞിരിക്കുന്ന അവസ്ഥയിലും അല്ലാഹുവിനെ ഭയപ്പെടുന്നു. മറഞ്ഞിരിക്കുന്ന അവസ്ഥയിലുള്ള ഭയം ഉണ്ടാകുന്നത് ദൈവീക ജ്ഞാനം ഉണ്ടാകു

മ്പോഴാണ്. ഖശ്യത്ത് എന്നതിന്റെ വിശദീകരണമാണിത്. ആരുടെയെങ്കിലും മഹത്സ്ഥാനം കാരണം ഉണ്ടാകുന്ന ഭയമാണ് ഖശ്യത്ത്. തന്റെ ബലഹീനത കാരണം മാത്രമായുള്ള ഭയമല്ല ഇത്. അല്ലാഹുവിനോടുള്ള ഭയം എന്നതിൽ അല്ലാഹുവിന്റെ മഹത്വം അടങ്ങിയിരിക്കുന്നു. അതോടൊപ്പം ഒരു വിനീത ദാസന്റെ കഴിവില്ലാഴ്മയും ഉൾക്കൊള്ളുന്നു.

എന്താണ് അല്ലാഹുവിന്റെ മഹത്വം? അല്ലാഹു സർവ്വശക്തിയുടേയും അതിപനാണെന്ന് അടിയുറച്ച് വിശ്വസിക്കുക. എല്ലാം അവന്റെ സൃഷ്ടികളാണ്. അവൻ മുഖേനയാണ് എല്ലാം നിലനിൻക്കുന്നത്. ഉടമസ്ഥത അവനുള്ളതാണ്. അവന്റെ ഇംഗിത പ്രകാരമേ എന്തും ലഭിക്കുകയുള്ളൂ. ഇങ്ങനെയുള്ള സർവ്വശക്തിമാനും നിയന്താവുമായ ദൈവത്തിൽ വിശ്വാസമുണ്ടാവുകയും അവനോടുള്ള ഭയം മനസ്സിൽ ഉണ്ടാകുകയും ചെയ്താലാണ് അവന്റെ ശക്തിപ്രഭാവങ്ങളിൽ നിന്നും മനുഷ്യന് യഥാർത്ഥ രീതിയിൽ പ്രയോജനമടയാൻ സാധിക്കുകയുള്ളൂ.

ഇവിടെ വരുന്ന ഒരു ചോദ്യമുണ്ട്. അല്ലാഹുവിന്റെ യഥാർത്ഥ ഭയം ഉലമാക്കളിൽ മാത്രമാണുള്ളതെന്ന് ഇവിടെ വരുന്നു. പണ്ഢിതൻ എന്ന് പറയുപ്പെടുന്ന എല്ലാവരും, അതല്ലെങ്കിൽ പണ്ഢിതരാണെന്ന് ധരിക്കുന്ന എല്ലാവരും അല്ലാഹുവിന്റെ ഖശിയത്ത് ഉള്ളവരാണെന്ന് വരുമോ? പണ്ഢിതൻമാരല്ലാത്തവർ അല്ലാഹു ഉദ്ദേശിക്കുന്ന ഭയത്തിന്റെ സ്ഥാനം കരസ്ഥമാക്കില്ലേ? പണ്ഢിതനാവുകയാണ് ദൈവഭയത്തിൽ എത്താനുള്ള മാനദണ്ഢമെങ്കിൽ വാക്കിലും പ്രവർത്തിയും അന്തരമുള്ള ആയിരക്കണക്കിന്, ലക്ഷക്കണക്കിന് പണ്ഢിതന്മാരെ നാം ഇന്ന് കാണുന്നുണ്ട്. അവർ വിശുദ്ധ ഖുർആനെപ്പോലും ശരിയായ രീതിയിൽ മനസ്സിലാക്കുന്നില്ല. അക്കൂട്ടർ ഇക്കാലത്തെ ഇമാമിനെ അംഗീകരിച്ചില്ല എന്നു മാത്രമല്ല എതിർപ്പിൽ അതിനീചമായ പ്രവർത്തികൾ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ കാര്യങ്ങൾ അല്ലാഹു ഇവിടെ പറഞ്ഞ ഉലമാ എന്ന യഥാർത്ഥ വിവക്ഷ എന്താണെന്ന് ചിന്തിക്കുന്നതിലേക്ക് നമ്മേ പ്രേരിപ്പിക്കുന്നു. അല്ലാഹുവിനെ ഭയപ്പെടുന്നവർ ഉലമാക്കളാണ് എന്ന് പറഞ്ഞതിലുള്ള ഉലമാ മറ്റൊരു വിഭാഗമാണെന്ന് മനസ്സിലാകുന്നു. മതവിദ്യാലയങ്ങളിൽ പഠിച്ചിറങ്ങുന്നവരാണ് ആലിമീങ്ങൾ എന്ന് പറയുകയാണെങ്കിൽ, പൊതുവിൽ ജനങ്ങൾ മനസ്സിലാക്കുന്ന ആലിമീങ്ങളാണ് ഇവിടെ ഉദ്ദേശിച്ചതെങ്കിൽ, അതുമല്ലെങ്കിൽ ഭൗതീക അറിവ് കരസ്ഥമാക്കുന്നവരാണെങ്കിൽ, കാരണം മതപരമായ അറിവ് കരസ്ഥമാക്കാത്ത ഭൗതീക അറിവ് കരസ്ഥമാക്കിയ പണ്ഢിതരുണ്ടാകും അവർ ഭൗതീക വിദ്യാഭ്യാസത്തിൽ ഉന്നത നിലവാരം കരസ്ഥമാക്കിയവരുമായിരിക്കും, ഉന്നത ശ്രേണിയിലുള്ള ശാസ്ത്രജ്ഞന്മാരുണ്ടാകും, ഭൗതീക അറിവിന്റെ കാര്യത്തിൽ ഇവരെ കിടപിടിക്കാൻ മറ്റാരും ഉണ്ടാകില്ല, ഇങ്ങനെയുള്ളവരാണ് ഇവിടെ ഉദ്ദേശ്യമെങ്കിൽ അതെല്ലാം തെറ്റായ വിശദീകരണമായിരിക്കും. കാരണം ഭൗതീകമായ അറിവ് കരസ്ഥമാക്കുന്നവരെ ഇവിടെപ്പറഞ്ഞ ഉലമാ എന്നതിൽ ഉൾപ്പെടുത്താൻ പറ്റില്ല. കാരണം ഇങ്ങനെയുള്ള പണ്ഢിതന്മാരിൽ ദൈവത്തിന്റെ അസ്തിത്വത്തെ തന്നെ നിഷേധിക്കുന്നവരുണ്ട്. അവരിൽ എങ്ങനെയാണ് ദൈവഭയം ഉണ്ടാകുക.

ചുരുക്കത്തിൽ ഇവിടെപ്പറഞ്ഞ ആലിം (പണ്ഢിതൻ) ആരാണെന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു. നാമധാരികളായ, ദേഹേച്ഛക്ക് വശംവദരായ ദീനി പണ്ഢിതരോ, ഭൗതീക പണ്ഢിരോ അല്ലാ ഇവിടെ ഉദ്ദേശ്യം.

ഇവിടെ ഒരു കാര്യം വ്യക്തമാക്കേണ്ടതുണ്ട്. ഇസ്‌ലാം സമ്പൂർണ്ണ മതമാണ്. മതത്തിന്റെ വിജ്ഞാനങ്ങൾ കരസ്ഥമാക്കിയെന്ന് ഈ ദീനി പണ്ഢിതൻമാർ പറയാറുണ്ട്. ഇസ്‌ലാമിന്റെ സന്ദേശം അവരിൽ ചിലർ എത്തിക്കാറുമുണ്ട്. ഇസ്‌ലാം വ്യാപിക്കുക എന്നതും അല്ലാഹുവിന്റെ വിധിയിൽപ്പെട്ട ഒന്നാണ്. എന്നാൽ ഭൗതീക താത്പര്യങ്ങൾക്കായി പ്രവർത്തിക്കുന്ന ദീനി പണ്ഢിതൻമാർ മുഖേനയല്ല ഇത് നടക്കുക. അവർ ഭൗതീക താത്പര്യങ്ങൾക്ക് മുൻതൂക്കം നൽകുന്നവരാണ്. ദൈവഭയം (ഖശ്യത്ത്) എന്നൊരു വസ്തുവും അവരിൽ ഇല്ല.

അമേരിക്കൻ സന്ദർശനവേളയിൽ ടി.വി. പ്രവർത്തകർ എന്നോട് ചോദിച്ച കാര്യം മുമ്പും ഞാൻ പരാമർശിച്ചിട്ടുണ്ടായിരുന്നു. അമേരിക്കയിൽ ഇസ്‌ലാം വ്യാപിക്കുവാനുള്ള സാധ്യതകൾ എന്തെല്ലാമാണെന്നാണ് ചോദിച്ചിരുന്നത്. അപ്പോൾ ഞാനദ്ദേഹത്തോട് പറഞ്ഞിരുന്നത് ഇസ്‌ലാം അമേരിക്കയിൽ മാത്രമല്ല ലോകം മുഴുവൻ വ്യാപിക്കുമെന്നാണ്. എന്നാൽ ഈ നാമധാരികളായ ഇസ്‌ലാമിന്റെ കുത്തകാവകാശികളായ പണ്ഢിതർ മുഖേനയല്ല അത് വ്യാപിക്കുക. അഹ്‌മദിയ്യാ ജമാഅത്ത് മുഖേനയാണ് അത് വ്യാപിക്കുക. ഹൃദയങ്ങളെ വിജയിച്ചടക്കിക്കൊണ്ട് സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശം നൽകിക്കൊണ്ടാണ് അത് വ്യാപിക്കുക. തീവ്രവാദം മുഖേനയോ മതഭീകരത മുഖേനയോ അല്ല. ഇന്നുള്ള ഉലമാക്കൾ ഭീകരതയുടെ അദ്ധ്യാപനമാണ് നൽകിക്കൊണ്ടിരിക്കുന്നത്. ഇത് വിശുദ്ധ ഖുർആന്റെ അദ്ധ്യാപനത്തിന് വിരുദ്ധമാണ്. യഥാർത്ഥ ഇസ്‌ലാം ഇന്നുള്ളത് അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പക്കൽ മാത്രമാണ്. അത് ഇക്കാലഘട്ടത്തിലെ ഇമാമും വാഗ്ദത്ത മഹ്ദീ മസീഹും ഞങ്ങൾക്ക് വ്യക്തമാക്കിത്തരികയുണ്ടായി. നമുക്ക് പഠിപ്പിച്ചു തരികയും ചെയ്തു. അദ്ദേഹം വിശുദ്ധ ഖുർആന്റെ ശരിയായ അറിവ് നമുക്ക് നൽകി.

അല്ലാഹുവിനോടുള്ള ഭയം ആരുടെയും അധികാരപരിധിയിലല്ല. ഇവിടെ ഉലമാ എന്ന് പറഞ്ഞത് ഒരു പ്രത്യേക വിഭാഗത്തിന്റെ പേരല്ല. അല്ലാഹുവിന്റെ ഖശ്യത്ത് പരിമിധവുമല്ല. തിരുനബി (സ) ലോകത്തുള്ള ഓരോ മനുഷ്യനെയും അല്ലാഹുവുമായി ബന്ധപ്പെടുത്താനാണ് വന്നിരുന്നത്. മനുഷ്യനെ ദൈവീക മനുഷ്യരാക്കാനായിരുന്നു വന്നിരുന്നത്. അല്ലാഹുവിനോടുള്ള ഖശ്യത്ത് ഇല്ലാതെ മനുഷ്യന് ദൈവീക മനുഷ്യനായിത്തീരാനും സാധ്യമല്ല. വലിയ വലിയ കൊള്ളക്കാരും കള്ളന്മാരും ഇസ്‌ലാമിൽ പ്രവേശിച്ച് വലിയ വലിമാരായി മാറിയിട്ടുണ്ട്. ഇതാവാനുള്ള കാരണം അവരിൽ അല്ലാഹുവിനെക്കുറിച്ചുള്ള ഭയത്തിന്റെ യാഥാർത്ഥ്യം വെളിപ്പെടുകയുണ്ടായി എന്നാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ വചനങ്ങളിൽ വിവിധ സ്ഥലങ്ങളിൽ തദ്കിറത്തുൽ ഔലിയായിലുള്ള സംഭവങ്ങൾ വിവരിക്കാറുണ്ട്. തദ്ക്കിറത്തുൽ ഔല്യായിലുള്ള ഒരു സംഭവം ഞാൻ കേൾപ്പിക്കുകയാണ്. ഫുസൈൽ ബ്നുൽ അയാസിനെക്കുറിച്ച് തദ്കിറത്തുൽ ഔലിയാ എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിട്ടുണ്ട്. ഒരിക്കൽ രാത്രി ഒരു യാത്രാ സംഘം വന്ന് അവിടെ താമസിച്ചു. അതിൽ ഒരാൾ ഈ ആയത്ത് ഓതുകയായിരുന്നു. اَلَمْ يَاْنِ لِلَّذِيْنَ اٰمَنُوْٓا اَنْ تَخْشَعَ قُلُوْبُهُمْ لِذِكْرِ اللّٰهِ തങ്ങളുടെ ഹൃദയം ദൈവസ്മരണയാൽ ഭയചകരാകുന്നതിന് വിശ്വാസികൾക്ക് ഇതു വരെ സമയമായിട്ടില്ലേ. ഈ ആയത്ത് ഫുസൈലിന്റെ ഹൃദയത്തെ ആയത്തിൽ സ്വാധീനിക്കുകയുണ്ടായി. ആരോ അമ്പെയ്തതുപോലെ അത് ഹൃദയത്തിൽ തറച്ചു. അദ്ദേഹം ദു:ഖത്തോടെ പറഞ്ഞു. ഈ കൊള്ള എത്രവരെ നീണ്ടു നിൽക്കും? അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പ്രയാണം ചെയ്യാനുള്ള സമയമിങ്ങെത്തിയിരിക്കുന്നു. ഇതു പറഞ്ഞുകൊണ്ട് അദ്ദേഹം പൊട്ടിപൊട്ടി കരയാൻ തുടങ്ങി. ഇതിനു ശേഷം ആരാധനയിൽ മുഴുകി. പിന്നീട് ഒരു യാത്രാ സംഘം തമ്പടിച്ചിരുന്ന ഒരു മരുഭൂമിയിൽ അദ്ദേഹം എത്തിപ്പെട്ടു. ആ യാത്ര സംഘത്തിലെ ആരോ

പറയുന്നുണ്ടായിരുന്നു. ഈ വഴിയിൽ ഫുസൈൽ കൊള്ള നടത്താറുണ്ട്. അതുകൊണ്ട് നമുക്ക് വഴി മാറിപ്പോകാം. ഇതു കേട്ട് അദ്ദേഹം പറഞ്ഞു; ഇനി ഭയപ്പെടേണ്ട കാര്യമില്ല, കാരണം ഞാൻ കൊള്ള ചെയ്യുന്നതിൽ നിന്നും തൗബ ചെയ്ത് മടങ്ങിയിരിക്കുന്നു. തുടർന്ന് അദ്ദേഹത്തിൽ നിന്നും പ്രയാസം ഏൽക്കേണ്ടി വന്ന എല്ലാവരോടും മാപ്പിനപേക്ഷിച്ചു. അങ്ങനെ കൊള്ളക്കാരനായ ഒരു വ്യക്തിയെക്കുറിച്ച് പിന്നീട് ജനങ്ങൾ റഹ്മത്തുല്ലാഹി അലൈഹി എന്ന് പറയപ്പെടുന്ന അവസ്ഥയിലെത്തി.

യഥാർത്ഥത്തിൽ അല്ലാഹുവിന്റെ ഭയം തിരിച്ചറിയുമ്പോഴുള്ള അവസ്ഥയാണിത്. ഒരു കാലത്തെ ഏറ്റവും മോശപ്പെട്ട ഒരു വ്യക്തിയെ, ജനങ്ങൾ വെറുക്കുന്ന ഒരു വ്യക്തിയെ ഞൊടിയിടയിൽ അത് ഉലമാക്കളുടെ ശ്യംഖലയിൽ എത്തിക്കുന്നു. എന്നാൽ ഇതിനു വിരുദ്ധമായി വലിയ വലിയ ഉലമാക്കളായി കരുതപ്പെടുന്നവർ ഭൗതികതയിൽ മുഴുകിയതായിക്കാണുന്നു. ജനങ്ങൾ അവരെ നല്ലവരായിക്കരുതുന്നുവെങ്കിലും അവരിൽ ദൈവഭയം ഉണ്ടായിരിക്കില്ല. മനുഷ്യരോട് അഹങ്കാരം കാണിക്കുന്നവരുടെ ഹൃദയത്തിൽ ഒരിക്കലും ദൈവത്തോടുള്ള ഖശ്യത്ത് (ഭയം) ഉണ്ടാകുകയില്ല.

ഇവിടെ ഉലമാക്കളായവരാണ് ദൈവത്തെ ഭയക്കുന്നു എന്ന് പറഞ്ഞതുകൊണ്ട് അർത്ഥമാക്കുന്നത് മറ്റൊന്നാണ്. ഉലമാഅ് എന്ന് പറഞ്ഞതുകൊണ്ടും ദൈവഭയം എന്ന് പറഞ്ഞതുകൊണ്ടും അർത്ഥമാക്കുന്നത് മറ്റൊന്നാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ൽ വിശ്വസിച്ചത് കാരണം ഇതിന്റെ ശരിയായ വിവക്ഷ നമുക്ക് മനസ്സിലാക്കാൻ സാധിച്ചു എന്നത് നമ്മുടെ സൗഭാഗ്യമാണ്. ആ മഹാത്മാവ് നൽകിയ വിശദീകരണം അദ്ദേഹത്തിന്റെ വാക്കുകളിൽ ഞാൻ കേൾപ്പിക്കുകയാണ്. ആദ്യം ഞാൻ കരുതിയത് ഒന്ന് രണ്ട് ഉദ്ധരണികൾ കേൾപ്പിക്കാം എന്നാണ്. എന്നാൽ ഈ എല്ലാ ഉദ്ധരണികളും കേൾപ്പിക്കേണ്ടത് നിർബന്ധമായി ഞാൻ മനസ്സിലാക്കുന്നു. സയ്യിദ് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറുന്നു:

അല്ലാഹുവിന്റെ മഹത്ത്വത്തെയും, ശക്തിപ്രഭാവത്തെയും, ഉപകാരത്തെയും, സൗന്ദര്യത്തെയും, ഭംഗിയെയും കുറിച്ച് അറിവുള്ളവരാണ് അല്ലാഹുവിനെ ഭയപ്പെടുക. ദൈവഭയവും ഇസ്‌ലാമും അവയുടെ ആശയത്തിൽ രണ്ടും ഒന്നു തന്നെയാണ്. കാരണം ദൈവഭയത്തിന്റെ യഥാർത്ഥമായ പൊരുൾ ഇസ്‌ലാമിന്റെ പൊരുളിന് നിർബന്ധമണ്. ചുരുക്കത്തിൽ ഈ ആയത്തിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത് ഇസ്‌ലാമിനെ കരസ്ഥമാക്കാനുള്ള യഥാർത്ഥ മാർഗ്ഗം എന്നത് അല്ലാഹുവിന്റെ അസ്തിത്വത്തെക്കുറിച്ചും അവന്റെ ഗുണങ്ങളെക്കുറിച്ചുമുള്ള യഥാർത്ഥ അറിവ് കരസ്ഥമാക്കലാണ്.

അല്ലാഹുവിന്റെ അസ്തിത്വത്തെക്കുറിച്ചും സിഫത്തിനെക്കുറിച്ചുമുള്ള അറിവ് കരസ്ഥമാക്കിയവനാണ് ആലിമായിത്തീരുന്നു. ഒരു യഥാർത്ഥ വിശ്വാസിയായിത്തീരാൻ അല്ലാഹുവിന്റെ മഹത്വവും അവന്റെ സിഫത്തുകളെക്കുറിച്ചുള്ള അറിവും കരസ്ഥമാക്കേണ്ടത് നിർബന്ധമാണ്. ഖശ്യത്ത് ഇല്ലാതെ ഇത് ലഭിക്കുകയില്ല. ഏതെങ്കിലും പ്രത്യേക ഗണത്തിൽ പെട്ടവർക്ക് മാത്രമേ ഇത് ലഭിക്കൂ എന്നില്ല. ഓരോ വിശ്വാസിയും അവനവന്റെ കഴിവനുസരിച്ച് ഇത് കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതാണ്. അപ്പോഴാണ് വിശ്വാസത്തിൽ വർദ്ധനവുണ്ടാകുന്നത്. അപ്പോഴാണ് അല്ലാഹുവുമായുള്ള ബന്ധത്തിൽ വർദ്ധനവുണ്ടാകുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ദൈവഭയത്തെയും ഇസ്‌ലാമിനെയും ഒരോ വസ്തുവായി വിവരിച്ചു കൊണ്ട് ഒരു യഥാർത്ഥ വിശ്വാസിയെ ആലിമിന്റെ ശ്യംഖലയിൽ കൊണ്ടുപ്പോയി നിർത്തിയിരിക്കുകയാണ്. അതോടൊപ്പം അല്ലാഹുവിന്റെ സിഫത്തുകളെക്കുറിച്ചുള്ള അറിവ് കരസ്ഥമാക്കാനും അല്ലാഹുവിന്റെ കൽപ്പനപ്രകാരം ഈ സിഫത്തുകൾ തങ്ങളിൽ പ്രകടമാക്കാനും നമ്മോട് പറയുകയും ചെയ്തു. ഈ അവസ്ഥ കരസ്ഥമാക്കിക്കഴിഞ്ഞാൽ അനുഗ്രഹത്തിന്റെ കൂടുതൽ കവാടങ്ങൾ തുറക്കപ്പെടുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു; മനുഷ്യന്റെ ഏറ്റവും ശ്രേഷ്ഠമായ പ്രത്യേകത എന്നത് അവന് അല്ലാഹുവിനെക്കുറിച്ചുള്ള യഥാർത്ഥമായ ജ്ഞാനം കരസ്ഥമാക്കുമ്പോഴാണ് അവന് ഹിദായത്ത് ലഭിക്കുന്നത് എന്നതാണ്.

إِنَّمَا يَخْشَى اللَّهَ مِنْ عِبَادِهِ الْعُلَمَاءُ എന്ന് അല്ലാഹു പറയുന്നു. എന്നാൽ പൈശാചിക പ്രകൃതമുള്ളവർ ഈ നിയമത്തിനു കീഴിൽ വരുന്നതല്ല.

ജ്ഞാനം കരസ്ഥമാക്കിയെന്ന് വാദിക്കുന്നവർ, അവർ എത്ര തന്നെ ആലിമാണെന്ന് ബാഹ്യമായിപ്പറഞ്ഞാലും ഹിദായത്തിന്റെ മാർഗ്ഗത്തിൽ ചരിക്കുന്നില്ലെങ്കിൽ അവർ ആലിമല്ല. വിശുദ്ധ ഖുർആൻ ആ വ്യക്തി പഠിച്ചിട്ടുണ്ടെന്ന് ആളുകൾ പറഞ്ഞാലും ശരി. വിശുദ്ധ ഖുർആൻ ഒരിക്കലും തെറ്റില്ല. ഇത് പഠിച്ചിട്ടുണ്ടെന്ന് വാദിക്കുന്നവന്റെ വാദമാണ് തെറ്റ്. അവൻ അതിന്റെ ആത്മാവ് ഉൾക്കൊള്ളാൻ ശ്രമിച്ചില്ല. ദൈവഭയമുള്ള ഹൃദയത്തിന് വിശുദ്ധ ഖുർആൻ വിജ്ഞാനവും അറിവും തീർച്ചയായും നൽകുന്നതാണ്. എന്നാൽ അഹങ്കാരിയും ദൈവഭയമില്ലാത്ത ഹൃദയത്തിനും അക്രമികൾക്കും നഷ്ടമല്ലാതെ വിശുദ്ധ ഖുർആൻ ഒന്നും നൽകുന്നതല്ല.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: അറിവ് എന്നതു കൊണ്ടുദ്ദേശിക്കുന്നത് തർക്കശാസ്ത്രമോ തത്വജ്ഞാനമോ അല്ല. യഥാർത്ഥ അറിവ് എന്നത് അല്ലാഹു തന്റെ കൃപാകടാക്ഷം കൊണ്ട് നൽകുന്നതാണ്. ഈ അറിവ് അല്ലാഹുവിനെ തിരിച്ചറിയാനുള്ള കാരണമായിത്തീരുന്നു. ദൈവഭയം ഉണ്ടാക്കുന്നു. വിശുദ്ധഖുർആനിലും അല്ലാഹു പറയുന്നു:

إِنَّمَا يَخْشَى اللَّهَ مِنْ عِبَادِهِ الْعُلَمَاءُ 'അറിവ് മുഖേന അല്ലാഹുവിന്റെ ഭയത്തിൽ വർദ്ധനവുണ്ടാകുന്നില്ലെങ്കിൽ ഓർക്കുക, ആ അറിവ് ദൈവജ്ഞാനവർദ്ധനത്തിന് കാരണമായതല്ല.'

ഏതൊരാളുടെ നാവിൽ നിന്നും കളവല്ലാത്ത മറ്റൊന്നും വരുന്നില്ലയോ, ആരുടെ മനസ്സിൽ ഭൗതികത മാത്രം നിറഞ്ഞു നിൽക്കുന്നുവോ, അശ്ലീലമല്ലാതെ മറ്റൊന്നും നാവിൽ നിന്നു പുറപ്പെടുന്നില്ലയോ അവർ ദൈവഭയമുള്ള ഉലമാക്കളാണെന്ന് പറയാൻ പറ്റുമോ? പാകിസ്ഥാനിലും ഇവിടെയുമെല്ലാം പള്ളികളിൽ നിന്ന് പണ്ഢിതന്മാർ അഹ്മദിയ്യത്തിനെതിരിൽ നെറികെട്ട വാക്കുകളാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: ഓർക്കുക! ഇടർച്ച എപ്പോഴും വിഡ്ഢികൾക്കാണ് സംഭവിക്കുന്നത്. ശൈത്വാന് ഇടർച്ച സംഭവിച്ചത് അറിവ് കൊണ്ടല്ല മറിച്ച് അറിവില്ലായ്മ കൊണ്ടാണ്. അറിവിൽ അവന് ശ്രേഷ്ഠത കൈവന്നിരുന്നെങ്കിൽ ഒരിക്കലും ഇടർച്ച സംഭവിക്കുമായിരുന്നില്ല. വിശുദ്ധ ഖുർആനിൽ വിജ്ഞാനത്തെ അപമാനിക്കുന്നില്ല. മറിച്ച് പറയുന്നത്

إِنَّمَا يَخْشَى اللَّهَ مِنْ عِبَادِهِ الْعُلَمَاءُ എന്നാണ്. മുറിവൈദ്യൻ ആളെ കൊല്ലും എന്ന ചൊല്ല് പ്രസിദ്ധമാണല്ലോ. ചുരുക്കത്തിൽ എന്റെ എതിരാളികളെ അറിവല്ല നശിപ്പിച്ചത് അറിവുകേടാണ് അവരെ നശിപ്പിച്ചത്.

ആ മഹാത്മാവ് പറയുന്നു. ആലമെ റബ്ബാനി (ദൈവജ്ഞാനമുള്ളവൻ) എന്നതുകൊണ്ടുദ്ദേശിക്കുന്നത് അറബി വ്യാകരണത്തിലോ തർക്കശാസ്ത്രത്തിലോ നിപുണനായ വ്യക്തിക്കല്ല. അല്ലാഹുവിനെ എപ്പോഴും ഭയപ്പെട്ടുകൊണ്ടിരിക്കുന്നവനും അവന്റെ നാവ് അനാവശ്യമായി ചലിച്ച് കൊണ്ടിരിക്കാത്തവനുമാണ് ആലിമെ റബ്ബാനി. എന്നാൽ ഈ കാലഘട്ടത്തിൽ മൃതദേഹത്തെ കുളിപ്പിക്കുന്നവർ വരെ പറയുന്നത് ഞങ്ങൾ ആലിമീങ്ങളാണെന്നാണ്.(ചില സ്ഥലത്ത് മയ്യത്ത് കുളിപ്പിക്കാൻ പ്രത്യേകം ആളു

കൾ ഉണ്ടാകും. അവരും തങ്ങളെ ഉലമാക്കലാണെന്ന് പറയാൻ തുടങ്ങിയിരിക്കുന്നു). പറയുന്നു. ഇങ്ങനെ ഉലമ എന്ന വാക്കിനെ തങ്ങളുടെ വ്യക്തിത്വത്തിലും അവർ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ രീതിയിൽ ഈ വാക്ക് വളരെയധികം നിന്ദിക്കപ്പെട്ടിരിക്കുകയാണ്. അല്ലാഹുവിന്റെ ഉദ്ദേശ്യത്തിനും ലക്ഷ്യത്തിനുമെതിരിൽ ഇതിനെ അർത്ഥമാക്കിയിരിക്കുകയാണ്. എന്നാൽ വിശുദ്ധ ഖുർആനിൽ ഉലമാക്കളുടെ ഗുണമായി എടുത്ത് പറഞ്ഞിരിക്കുന്നത്

إِنَّمَا يَخْشَى اللَّهَ مِنْ عِبَادِهِ الْعُلَمَاءُ അല്ലാഹുവിനെ ഭയപ്പെടുന്നവർ അല്ലാഹുവിന്റെ ഉലമാക്കളായ ദാസരാണ്. അല്ലാഹുവിനോടുള്ള ഭയം, പേടി, തഖ്‌വ എന്നീ ഗുണങ്ങൾ ആരിലാണോ ഇല്ലാത്തത് അവർ ഒരിക്കലും തന്നെ ഈ പേരിൽ വിളിക്കപ്പെടാൻ അർഹതയില്ലാത്തവരാണ്. ഉലമാഅ് എന്നത് ആലിം എന്നതിന്റെ ബഹുവചനമാണ്. ഇൽമ്(അറിവ്) എന്നത് വ്യക്തവും ഖണ്ഡിതവുമായതിനാണ് പറയുക. യഥാർത്ഥ അറിവ് വിശുദ്ധ ഖുർആനിൽ നിന്നാണ് ലഭിക്കുന്നത്. യൂനാനികളുടെ തത്വശാസ്ത്രത്തിൽ നിന്നോ ആധുനിക പാശ്ചാത്യ തത്വശാസ്ത്രത്തിൽ നിന്നോ ഇത് ലഭിക്കുന്നതല്ല. ഇത് ശരിയായ വിശ്വാസത്തിന്റെ തത്വജ്ഞാനത്തിൽ നിന്നാണ് ലഭിക്കുക. ഉലമാക്കളുടെ ആ സ്ഥാനത്ത് എത്തുക എന്നതാണ് ഒരു വിശ്വാസിയുടെ ശ്രേഷ്ഠ ഗുണവും മിഅ്റാജും. ഇവിടെ വിശ്വാസി എന്നാണ് പറഞ്ഞത്. അതല്ലാതെ പ്രത്യേക ഗണത്തെയല്ല. അവർക്ക് ദൃഢജ്ഞാനത്തിന്റെ പദവി കരസ്ഥമാകണം. അത് അറിവിന്റെ അവസാന പദവിയാണ്. (ഓരോ വിശ്വാസിയും വിശ്വാസത്തിൽ വർദ്ധന വരുത്തുമ്പോഴാണ് മുഅ്മിൻ ആയിത്തീരുന്നത്. അവൻ പണ്ഡിതനാണെന്ന ഡിഗ്രി പാസ്സാകണമെന്നില്ല) പറയുന്നു. എന്നാൽ യഥാർത്ഥ അറിവിനെ കുറിച്ച് അറിയാത്തവർ, ജ്ഞാനത്തിന്റെയും ഉൾക്കാഴ്ചയുടെയും വഴികൾ തുറക്കപ്പെട്ടിട്ടില്ലാത്തവർ, അവർ സ്വയം ആലിമാണ് എന്ന് പറഞ്ഞാലും അവർ അറിവിന്റെ ശ്രേഷ്ഠതകളിൽ നിന്നും ഗുണങ്ങളിൽ നിന്നുമെല്ലാം പൂർണ്ണമായും അജ്ഞരായിരിക്കും. യഥാർത്ഥ അറിവ്(ജ്ഞാനം) കൊണ്ട് ലഭിക്കുന്ന പ്രകാശം അവരിൽ ദൃശ്യമാകില്ല. അങ്ങനെയുള്ളവർ പൂർണ്ണമായും നഷ്ടത്തിലായിരിക്കും. തങ്ങളുടെ ആഖിറത്ത് അവർ പുകയും കൂരിരുട്ടും കൊണ്ട് നിറക്കുന്നു. ആർക്കാണോ ശരിയായ ജ്ഞാനവും ഉൾക്കാഴ്ചയും നൽകപ്പെടുന്നത്, അല്ലാഹുവിന്റെ ഭയം സ്വായത്തമാകുന്ന അറിവ് നൽകപ്പെടുന്നത്, അവരെക്കുറിച്ചാണ് ഹദീസിൽ ബനീ ഇസ്റായീലിലെ പ്രവാചകന്മാരോട് ഉപമിച്ചിരിക്കുന്നത്.

ഇങ്ങനെയുള്ളവരാണ് യഥാർത്ഥ ആലിംകൾ. എന്നാൽ തങ്ങൾ ആലിമാണെന്ന് ധരിച്ചുവെച്ചിരിക്കുന്ന, യഥാർത്ഥത്തിൽ ആലിം അല്ലാത്തവരെക്കുറിച്ച് ഹദീസിൽ വന്നിരിക്കുന്നത്.

عُلَمَآئُهُمْ شَرٌّ مَنْ تَحْتَ اَدِيمِ السَّمَآءِ

مِنْ عِنْدِهِمْ تَخْرُجُ الفِتْنَةَ وَفِيهِمْ تَعُودُ

അവരുടെ ഉലമാക്കൾ ആകാശത്തിൽ കീഴിൽ ജീവിക്കുന്ന ഏറ്റവും മോശപ്പെട്ട ജീവികളിൽ പെട്ടവരായിരിക്കും. അവരിൽ നിന്ന് ഫിത്നകൾ പുറപ്പെടും. അവരിലേക്ക് തന്നെ തിരിച്ചെത്തുകയും ചെയ്യുന്നതാണ്. ഇക്കാലത്ത് നിങ്ങൾ നോക്കുക. ഇന്നുണ്ടാകുന്ന കുഴപ്പങ്ങളെല്ലാം ഈ നാമധാരികളായ ഉലമാക്കളിൽ നിന്നും പുറപ്പെടുന്നു. ഈ ഹദീസിൽ നിന്നും വ്യക്തമാകുന്ന ഒരു കാര്യം പണ്ഡിതൻ എന്ന് പറഞ്ഞതുകൊണ്ട് ദൈവഭയം ഉണ്ടായിരിക്കണമെന്നില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ കുഴപ്പങ്ങൾക്കും കലാപങ്ങൾക്കും കാരണം ഈ നാമധാരികളായ പണ്ഡിതന്മാരായിത്തീർന്നിരിക്കുകയാണ്.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു. തഖ്‌വയും ദൈവഭയവും മൂലം അറിവ്(ജ്ഞാനം) ഉണ്ടാകുന്നു. അല്ലാഹു പറയുന്നു. إِنَّمَا يَخْشَى اللَّهَ مِنْ عِبَادِهِ الْعُلَمَاءُ അല്ലാഹുവിനെ ഭയപ്പെടുന്നവർ ആലിമായിരിക്കും. ഇതിൽ നിന്നും വ്യക്തമായി മനസ്സിലാകുന്നത് യഥാർത്ഥ അറിവ് ദൈവഭയം ഉണ്ടാക്കുന്നു എന്നാണ്. അറിവിനെ തഖ്‌വയുമായാണ് അല്ലാഹു ബന്ധിപ്പിച്ചിരിക്കുന്നത്. പൂർണ്ണമായ രീതിയിൽ അറിവ് കരസ്ഥമാക്കിയ വ്യക്തിയിൽ തീർച്ചയായും ദൈവഭയം ഉണ്ടായിരിക്കുന്നതാണ്. അറിവ് എന്നതു കൊണ്ട് എന്റെ അഭിപ്രായത്തിൽ ഖുർആന്റെ അറിവാണ് ഉദ്ദേശ്യം. സയൻസോ, തത്വജ്ഞാനമോ, പാരമ്പര്യ അറിവോ അല്ല ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. കാരണം അത് കരസ്ഥമാക്കാൻ തഖ്‌വ വേണമെന്നില്ല. ഒരു തെമ്മാടിയും ദുർന്നടപ്പുകാരനുമായ വ്യക്തിക്ക് ഇങ്ങനെയുള്ള അറിവ് പഠിക്കാൻ സാധിക്കുന്നതുപോലെ മതവിശ്വാസിയായ വ്യക്തിക്കും പഠിക്കാവുന്നതാണ്. എന്നാൽ ഖുർആന്റെ അറിവ് മതവിശ്വാസിയും മുത്തഖിയുമായ വ്യക്തിക്കല്ലാതെ മറ്റാർക്കും നൽകപ്പെടുക തന്നെയില്ല. അതുകൊണ്ട് ഇവിടെ അറിവ് എന്നതുകൊണ്ടുദ്ദേശിക്കുന്നത് ഖുർആന്റെ അറിവ് തന്നെയാണ്. ഇതു മുഖേന തഖ്‌വയും ദൈവഭയവും ഉണ്ടാകുന്നു.

ഹദ്റത് മസീഹ് മൗഊദ് (അ) പറയുന്നു. ഉലമാ എന്ന വാക്കു കേട്ട് വഞ്ചിതരാകരുത്. അല്ലാഹുവിനെ ഭയക്കുന്നവരാണ് ആലിം. إِنَّمَا يَخْشَى اللَّهَ مِنْ عِبَادِهِ الْعُلَمَاءُ അല്ലാഹുവിനെ ഭയക്കുന്നവരാണ് അല്ലാഹുവിന്റെ ദാസരിൽ ആലിം. അവരിൽ പരിപൂർണ്ണമായ ദാസത്വവും ദൈവഭയവും വളരെ കൂടുതൽ ഉണ്ടാകുന്നു. തന്മൂലം അവർ അല്ലാഹുവിൽ നിന്നും അറിവും ജ്ഞാനവും പഠിക്കുന്നു. അവനിൽ നിന്നും അനുഗ്രഹം കരസ്ഥമാക്കുകയും ചെയ്യുന്നു. ഈ സ്ഥാനവും പദവിയും തിരുനബി(സ)യെ പരിപൂർണ്ണമായും അനുധാവനം ചെയ്യുന്നതിലൂടെയും തിരുനബിയെ പൂർണ്ണമായും സ്നേഹിക്കുന്നതിലൂടെയുമാണ് ലഭിക്കുന്നത്. എത്രമാത്രമെന്നാൽ മനുഷ്യൻ തിരുനബി(സ)യുടെ അതേ നിറം സ്വീകരിക്കുന്നവരായിത്തീരുന്നു.

ചുരുക്കത്തിൽ ആലിം എന്നതിന്റെ യഥാർത്ഥമാണിത്. ദൈവത്തെ ഭയക്കുന്നവർ പണ്ഡിതരാണ്, ഉലമാക്കളാണ് എന്നതിന്റെ അർത്ഥവും ഇതു തന്നെ. ഈ ഉദ്ധരണിയിലൂടെ യഥാർത്ഥ പണ്ഡിതരും നാമധാരികളായ പണ്ഡിതരും തമ്മിലുള്ള അന്തരം വ്യക്തമായിരിക്കുകയാണ്. അതോടൊപ്പം നിങ്ങളിൽ യഥാർത്ഥ തഖ്‌വ ഉണ്ടാക്കുകയും ദൈവഭയം ഉണ്ടാക്കുകയും ചെയ്യണമെന്ന് നമ്മോട് പറയുകയും ചെയ്യുന്നു. കാരണം ഒരു വിശ്വാസിക്ക് ഇത് നിർബന്ധമാണ്. എന്നാൽ മാത്രമേ യഥാർത്ഥ വിശ്വാസിയും യഥാർത്ഥ മുസ്‌ലിമുമായിത്തീരുകയുള്ളൂ. ഈ ഉത്തരവാദിത്വവും നമ്മിൽ ഇട്ടിരിക്കുകയാണ്.

അതുകൊണ്ട് ഇത് ഏതെങ്കിലും പ്രത്യേക വിഭാഗവുമായി ബന്ധപ്പെട്ടതല്ല. തഖ്‌വയുടെ മാർഗ്ഗത്തിൽ ചലിക്കണമെന്ന് ഓരോ മുഅ്മിനും കൽപ്പിക്കപ്പെട്ടിരിക്കുന്നു. തിരുനബി(സ)യുടെ മാർഗ്ഗത്തിൽ ചരിക്കുക എന്നത് ഓരോരുത്തർക്കും നിർബന്ധമാണ്. കാരണം ഇതില്ലാതെ അല്ലാഹുവിന്റെ സ്നേഹം കരഗതമാകുന്നതല്ല. അതുകൊണ്ട് അല്ലഹു തന്റെ സാമീപ്യത്തിന്റെ കവാടം തുറന്നിട്ടിരിക്കുന്ന ഈ റമദാനിൽ, തഖ്‌വയിൽ അഭിവൃദ്ധി പ്രാപിക്കാൻ സഹായകരമായ ഒരു അന്തരീക്ഷം സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ഈ റമദാനിൽ, തിരുനബി(സ)യുടെ മാതൃക പിൻപറ്റാൻ നമ്മെ പ്രേരിപ്പിക്കുന്ന ഈ മാസത്തിൽ, ഇതിൽ ഖുർആന്റെയും ഹദീസിന്റെയും എല്ലാം ദർസുകൾ നടക്കാറുണ്ട്, ഇതിൽ

നിന്നെല്ലാം കൂടുതൽ ഫലമെടുക്കാൻ നാം ശ്രമിക്കേണ്ടതാണ്. വിശുദ്ധ ഖുർആൻ പഠിച്ചും കേട്ടും തഖ്‌വയിൽ മുന്നേറാൻ പ്രേരിപ്പിക്കുന്ന വിജ്ഞാനത്തിന്റെയും അറിവിന്റെയും വഴികൾ നാം അന്വേഷിക്കേണ്ടിയിരിക്കുന്നു. അത് ദൈവഭയം നമ്മിൽ ഉണ്ടാക്കുന്നതാണ്.

ഇനി ഞാൻ തുടക്കത്തിൽ പാരായണം ചെയ്ത ആയത്തുകളുടെ അടിസ്ഥാനത്തിൽ ചില കാര്യങ്ങൾ വിവരിക്കാൻ ആഗ്രഹിക്കുന്നു. ആദ്യത്തെ അഞ്ചായത്തുകൾ സൂറത്തുൽ മുഅ്മിനൂനിൽ നിന്നുള്ളതാണ്. അതിൽ ഒരു യഥാർത്ഥ വിശ്വാസിയുടെ ഗുണങ്ങൾ വിവരിച്ചിരിക്കുന്നു. ഒന്നാമത്തെ ആയത്തിൽ പറയുന്നത് യഥാർത്ഥ വിശ്വാസി തന്റെ നാഥനെ ഭയന്നുകൊണ്ട് വിറകൊള്ളുന്നതാണ്. ഈ ഒരു ഭയമാണ് യഥാർത്ഥ വിശ്വാസിയിൽ ഉണ്ടായിത്തീരേണ്ടത്. നേരത്തെ വിവരിച്ചതുപോലെ അല്ലാഹുവിന്റെ മഹത്വത്തെ അംഗീകരിക്കുകയും അല്ലാഹുവിനെ എല്ലാ കഴിവുകളുടെയും ഉടമസ്ഥനായി മനസ്സിലാക്കിക്കൊണ്ട് എപ്പോഴും അവനെ ഓർത്ത് വിറകൊള്ളുക. അല്ലാഹുവിന്റെ ആയത്തുകളിൽ വിശ്വസിക്കുന്നവരായിരിക്കും അവർ. അവരായിരിക്കും യഥാർത്ഥ വിശ്വാസികൾ.

എന്താണ് ആയത്തുകൾ? അത് അല്ലാഹുവിന്റെ സകല കൽപ്പനകളുമാണ്. എല്ലാ അടയാളങ്ങളുമാണ്. വിശുദ്ധ ഖുർആൻ വിവരിച്ച സർവ്വ മുഅ്ജിസ്സത്തുകളുമാണത്. വിശുദ്ധ ഖുർആനിലെ എല്ലാ ആയത്തികളും തന്നെ ഓരോ ദൃഷ്ടാന്തമാണ്. ഇതിൽ ഒരു യഥാർത്ഥ വിശ്വാസി വിശ്വസിക്കുന്നു. വിശ്വാസം പൂർണ്ണമാകുന്നത് അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ്. ഈ പ്രവർത്തനം പിന്നീട് വിശ്വാസത്തെ വർദ്ധിപ്പിക്കുന്നു. ദൈവഭയത്തിൽ പുരോഗതി ഉണ്ടാകുന്നു. യഥാർത്ഥ വിശ്വാസി തന്റെ നാഥനോടൊപ്പം ഒന്നിനേയും പങ്കാളി ആക്കുകയില്ല. ദൈവഭയമുള്ളവൻ, ദൈവവചനങ്ങളിൽ വിശ്വാസമുള്ളവൻ ശിർക്ക് ചെയ്യാറില്ല. എന്നാൽ ബാഹ്യമായ ശിർക്കല്ലെങ്കിലും നിഗൂഢമായ ശിർക്ക് മനുഷ്യനിൽ നിന്നും ഉണ്ടാകുന്നു. അതുകൊണ്ട് നാം സൂക്ഷ്മതയോടുകൂടി തന്റെ കാര്യങ്ങൾ നോക്കേണ്ടിയിരിക്കുന്നു. അപ്പോഴായിരിക്കും ഒരു യഥാർത്ഥ വിശ്വാസിയായി ത്തീരുന്നത്. തന്റെ വാക്കും പ്രവർത്തിയും എപ്പോഴും സത്യത്തിൽ നിലയുറപ്പിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് നാലാമത്തെ കാര്യം പറഞ്ഞത്, അവർ മതസേവനവും ചെയ്യുന്നു. ധനവും സമയവും ചെലവഴിക്കുകയും കൽപ്പനകളനുസരിച്ച് പ്രവർത്തിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു. എല്ലാം ചെയ്തിട്ടും അല്ലാഹു സ്വീകരിക്കുമോ എന്ന ഭയം ഒരു വിശ്വാസിക്കുണ്ടാകുന്നു. അല്ലാഹുവിന്റെ പ്രീതിയിൽ നിന്നും അകറ്റുന്ന സൂക്ഷ്മയായ വല്ല തെറ്റും സംഭവിച്ചിട്ടുണ്ടോ എന്നവൻ ചിന്തിക്കുന്നു. തന്റെ നാശത്തിന് കാരണമാകുന്ന നിഗൂഢമായ വല്ല ശിർക്കും വന്നു പോയിട്ടുണ്ടോ എന്നവനോർക്കുന്നു. ഏതെങ്കിലും കൽപ്പനയനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയോ അലസത കാണിക്കുകയോ ചെയ്തത് വിശ്വാസത്തിന് കുറവു വരുത്തുമോ എന്നവൻ ചിന്തിക്കും. അല്ലാഹുവിനോടുള്ള ഭയം ബാഹ്യമായ ചേഷ്ടകളിൽ മാത്രം ഒതുങ്ങുന്നുണ്ടോ എന്നും അവൻ ചിതിക്കും.

ഹദ്റത് ആയിശാ(റ) നിവേദനം ചെയ്യുന്നു. തിരുനബി(സ)യോട് അവർ ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ,

وَالَّذِيْنَ يُؤْتُوْنَ مَآ اٰتَوْا وَّقُلُوْبُهُمْ وَجِلَةٌ എന്നതിന്റെ അർത്ഥം മനുഷ്യൻ എന്തു തന്നെ പ്രവർത്തി ചെയ്താലും അല്ലാഹുവിനെ ഭയന്നുകൊണ്ടിരിക്കുക എന്നതാണോ ഉദ്ദേശിക്കുന്നത്. തിരുനബി (സ) പറഞ്ഞു. ഇതിനർത്ഥം അതല്ല. ഇതിന്റെ അർത്ഥം മനുഷ്യൻ നന്മ ചെയ്യുകയും അതോടൊപ്പം അല്ലാഹുവിനെ ഭയന്നുകൊണ്ടിരിക്കുകയും ചെയ്യുക എന്ന താണ്.

എപ്പോഴും നാം ഓർത്തിരിക്കേണ്ടത് അല്ലാഹു ആരേയും വകവെക്കാത്തവനും കൂടിയാണെന്നാണ്. ഏതു നന്മയെ സ്വീകരിക്കണം ഏതിനെ തിരസ്കരിക്കണം എന്നത് അവന്റെ ഇഷ്ടമാണ്. അതുകൊണ്ട് എപ്പോഴും ഭയം ഉണ്ടായിരിക്കേണ്ടതാണ്. നാം അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുമ്പോൾ നമ്മോട് പൊറുത്തു തരുന്ന ഒരവസ്ഥ ഉണ്ടായിരിക്കേണ്ടതാണ്. ഒരു നന്മയിലും ആരും അഹങ്കരിക്കാൻ പാടില്ല. തിരുനബി(സ) തന്റെ ദുആകളിൽ ഈ ദുആയും ഉൾപ്പെടുത്തിയിരുന്നു. ഹദ്റത് സഅദ് ബിൻ ഔശത്ത് വിവരിക്കുന്നു. ഞാൻ ഹദ്റത് ഉമ്മെ സൽമ(റ)യോട് ചോദിച്ചു. ഉമ്മുൽ മുഅ്മിനീൻ, തിരുനബി(സ) താങ്കളുടെ അടുത്ത് ഉണ്ടാകുമ്പോൾ ഏതു ദുആയാണ് കൂടുതൽ ചൊല്ലാറുണ്ടായിരുന്നത്. ഉമ്മു സൽമ(റ) അപ്പോൾ പറഞ്ഞു. തിരുനബി(സ) ഇപ്രകാരം പ്രാർത്ഥിക്കാറുണ്ടായിരുന്നു.

يَا مُقَلِّبَ الْقُلُوْبِ ثَبِّتْ قَلْبِى عَلٰى دِيْنِكَ ഹൃദയത്തെ മാറ്റിമറിക്കുന്നവനെ, എന്റെ ഹൃദയത്തെ നിന്റെ ദീനിൽ ഉറപ്പിച്ചു നിർത്തേണമേ. ഹദ്റത് ഉമ്മു സൽമ(റ) പറഞ്ഞു. സ്ഥിരമായി തിരുനബി(സ) ഈ ദുആ എന്തിനാണ് ചെയ്യുന്നതെന്ന് ഞാൻ ചോദിച്ചു. അപ്പോൾ തിരുനബി(സ) പറഞ്ഞു. ഉമ്മെ സൽമാ, ഓരോ മനുഷ്യന്റെയും ഹൃദയം അല്ലാഹുവിന്റെ രണ്ടു വിരലുകൾക്കിടയിലാണ്. അവൻ ഉദ്ദേശിക്കുന്നവരെ അടിയുറച്ചു നിർത്തുന്നു. അവൻ ഉദ്ദേശിക്കുന്നവരെ വക്രമാക്കിക്കളയുകയും ചെയ്യുന്നു.

തിരുനബി(സ) നമുക്ക് വഴികാട്ടിയാണ്. അദ്ദേഹത്തിന്റെ മാർഗ്ഗത്തിലൂടെ ചരിച്ചുകൊണ്ട് യഥാർത്ഥ തഖ്‌വയും ദൈവഭയവും എന്താണെന്ന് മനസ്സിലാകുന്നു. അദ്ദേഹത്തെ അനുധാവനം ചെയ്യുന്നത് ദൈവപ്രീതി കരസ്ഥമാക്കുന്നതിന് കാരണമായിത്തീരുന്നു. അദ്ദേഹത്തിന്റെ ഭയത്തിന്റെ അവസ്ഥയാണിത്. ദൈവഭയത്തിൽ വിറങ്ങലിച്ചു നിൽക്കുന്നു. ഇക്കാര്യത്തിൽ നമുക്ക് എത്രമാത്രം ശ്രദ്ധിക്കാനിരിക്കുന്നു. അല്ലാഹു പറയുന്നു. ഈ ഗുണമുള്ളവരാണ് നന്മയിലും സൽപ്രവർത്തിയിലും മുൻകടക്കുന്നവർ. എപ്പോഴും തന്നെക്കുറിച്ച് ആത്മപരിശോധന നടത്തുമ്പോഴാണ് നന്മയിലേക്കും സൽപ്രവർത്തനത്തിലേക്കും ശ്രദ്ധയുണ്ടാകുക. അതിന് വേണ്ടി പരിശ്രമിക്കുകയും ചെയ്യുക. ഇങ്ങനെയുള്ളവരാണ് നന്മയിൽ മുന്നോട്ട് ഗമിക്കുന്നവർ. എല്ലാ നന്മകളും സ്വായത്തമാക്കാൻ അവർ ശ്രമിക്കുന്നു. തഖ്‌വയിൽ മുന്നേറാൻ ശ്രമിക്കുന്നു. എന്നിരുന്നാലും ഇതിലൊന്നും അഹങ്കരിക്കുന്നില്ല. ഏതവസ്ഥയിലും എപ്പോഴും അവരുടെ ഹൃദയം ദൈവസവിധത്തിൽ കുമ്പിട്ടുകൊണ്ടിരിക്കും. ഈ അവസ്ഥയാണ് ദൈവസാമീപ്യം നൽകി അനുഗ്രഹിക്കപ്പെടുക.

തിരുനബി(സ) നമ്മിൽ ചെയ്ത ഒരു വലിയ ഉപകാരം എന്നത് ദുആ ചെയ്യേണ്ട രീതിയും നമുക്ക് പഠിപ്പിച്ചു തന്നിരിക്കുന്നു എന്നാണ്. ഒരു ദുആ ഹദീസിൽ ഇപ്രകാരം കാണാം. ഇത് യഥാർത്ഥത്തിൽ നാം ഓരോരുത്തർക്കുമുള്ളതാണ്. നാം ഓരോരുത്തരും ഇപ്രകാരം ദുആ ചെയ്യേണ്ടതാണ്. അബ്ദുല്ലാഹ് ബിൻ അമർ(റ) നിവേദനം ചെയ്യുന്നു. തിരുനബി(സ) ഇപ്രകാരം ദുആ ചെയ്യാറുണ്ടായിരുന്നു.

اَللّٰهُمَّ اِنِّى اَعُوْذُبِكَ مِنْ قَلْبٍ لَا يَخْشَعُ،

وَمِنْ دُعَآءٍ لَا يُسْمَعُ، وَمِنْ نَفْسٍ لَا تَشْبَعُ،

وَمِنْ عِلْمٍ لَا يَنْفَعُ، اَعُوْذُبِكَ مِنْ هٰؤُلَآءِ الْاَرْبَعِ

അല്ലാഹുവേ, നിന്നെ ഭയപ്പെടാത്ത ഹൃദയത്തിൽ നിന്നും സ്വീകരിക്കപ്പെടാത്ത പ്രാർത്ഥനയിൽ നിന്നും തൃപ്തമാകാത്ത മനസ്സിൽ നിന്നും പ്രയോജനപ്രദമല്ലാത്ത അറിവിൽ നിന്നും നിന്നിലേക്ക് ഞാൻ അഭയം തേടുകയാണ്.

ഈ ദുആയെ മനസ്സിലാക്കുന്നവരായി അല്ലാഹു നമ്മെ മാറ്റട്ടെ. തിരുനബി(സ)യുടെ മറ്റൊരു ദുആ കൂടി സമർപ്പിക്കുകയാണ്. അത് തിരുനബി(സ)യുടെ ദൈവഭയത്തിന്റെ പരിപൂർണ്ണ മാതൃക ഉൾക്കൊള്ളുന്നതാണ്. വിനയത്തിന്റെയും ദൈവഭയത്തിന്റെയും ഉന്നതനിലവാരത്തിലെത്തിയ ഒരു ദുആയാണിത്. ഹജ്ജത്തുൽ വിദാഇന്റെ അവസരത്തിൽ തിരുനബി(സ) തന്റെ നാഥന്റെ മുമ്പാകെ ഇപ്രകാരം അർത്ഥന നടത്തുന്നു.

**അല്ലാഹുവേ! നീ എന്റെ കാര്യങ്ങൾ കേൾക്കുന്നു. എന്റെ അവസ്ഥ നീ കാണുന്നു. എന്റെ പരോക്ഷവും പ്രത്യക്ഷവുമായ എല്ലാ കാര്യങ്ങളെക്കുറിച്ചും നീ ശരിക്കും അറിയുന്നവനാണ്. എന്റെ ഒന്നും നിന്നിൽ നിന്നും മറഞ്ഞതായിട്ടില്ല. ഞാൻ ആരോരുമില്ലാത്ത ഒരു യാചകനായിക്കൊണ്ട്, ആവശ്യക്കാരനായിക്കൊണ്ട്, നിന്റെ സഹായത്തെ ആശ്രയിച്ചുകൊണ്ട്, പേടിച്ചു വിറച്ചുകൊണ്ട്, എന്റെ തെറ്റുകളെ ഏറ്റുപറഞ്ഞുകൊണ്ട്, നിന്റെ മുമ്പിലിതാ ഹാജരായിരിക്കുന്നു. ഏളിയവനായ ഒരു മിസ്കീനെപ്പോലെ നിന്റെ മുമ്പിൽ യാചിക്കുന്നു. നിന്ദ്യനായ ഒരു കുറ്റക്കാരനെപ്പോലെ നിന്റെ സവിധത്തിൽ ഞാൻ കേണപേക്ഷിക്കുന്നു. ഭയന്നുവിറങ്ങലിച്ച ഒരന്ധനെപോലെ നിന്നോട് ചോദിക്കുന്നു. എന്റെ കഴുത്ത് നിന്റെ മുമ്പിൽ പ്രണമിക്കുന്നു. എന്റെ അശ്രുകണങ്ങൾ നിന്റെ മുമ്പിൽ ഒഴുകിക്കൊണ്ടിരിക്കുകയാണ്. എന്റെ ശരീരം നിന്നെ അനുസരിച്ചുകൊണ്ട് നിന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിച്ചിരിക്കുകയാണ്. നിന്ദ്യനായിക്കൊണ്ട് നിന്റെ മുമ്പിൽ വന്നിരിക്കുന്നു. നാഥാ! നിന്റെ സവിധത്തിൽ ദുആ ചെയ്യുന്നവരിൽ ദൗർഭാഗ്യവാനാക്കി എന്നെ മാറ്റരുതേ. എന്നോട് കാരുണ്യത്തോടെയും ആർദ്രതയോടെയും പെരുമാറണമേ. ഏറ്റവും കൂടുതൽ അർത്ഥനകൾ സ്വീകരിക്കുന്നവനെ! ഏറ്റവും കൂടുതൽ നൽകുന്നവനെ! എന്റെ ദുആ സ്വീകരിച്ചാലും.**

അല്ലാഹുവിന്റെ ഭയത്തിന്റെ ഉദാത്തമായ മാതൃക പ്രകടമാക്കിയ മഹാനായ പ്രവാചകൻ തന്റെ സമുദായത്തിന്റെ മുമ്പാകെ സമർപ്പിച്ച മാതൃകയാണിത്. തിരുനബി(സ)യുടെ എല്ലാ ദുആകളും ഈ ദൈവഭയത്തിൽ നിറഞ്ഞിരിക്കുന്നതായി കാണാം. അല്ലാഹുവിനോടുള്ള ഭയത്തിൽ ഭയചകിതമാണ്. തിരുനബി(സ) അല്ലാഹുവിന്റെ ഏറ്റവും അടുത്ത വ്യക്തിയായിരുന്നിട്ടുകൂടി ഇതാണവസ്ഥ. തിരുനബി(സ)യോടൊപ്പമുള്ളവർ റളിയല്ലാഹു അൻഹു എന്ന സ്ഥാനപ്പേരിനുപോലും അർഹമാവുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഈ ഒരു മാതൃകയും ദൈവഭയവുമാണ് നാം നമ്മിൽ ഉണ്ടാക്കേണ്ടത്. ഈ പ്രവാചകനെ പിൻപറ്റികൊണ്ട് നാം ഇത് നമ്മിൽ ഉണ്ടാക്കിത്തീർക്കുകയാണെങ്കിൽ നാമും അല്ലാഹുവിന്റെ ഫള്‌ലിനെ കരസ്ഥമാക്കുന്നവരായി മാറുന്നതാണ്.

അല്ലാഹു ഈ റമദാനിൽ അല്ലാഹുവിന്റെ ഭയത്തിന്റെ ആത്മാവിനെ മനസ്സിലാക്കിക്കൊണ്ട് അതനുസരിച്ച് പ്രവർത്തിക്കുന്നവരാക്കി നമ്മേ മാറ്റട്ടെ. ഈ റമദാൻ നമുക്ക് ആത്മീയ വിപ്ലവം സംജാതമാക്കുന്നതിനുതകുന്നതാക്കി അല്ലാഹു മാറ്റട്ടെ.

ഹുസൂർ കേൾപ്പിച്ച അവസാനത്തെ ദുആയുടെ അറബി മൂലം ഇപ്രകാരമാണ്.

اَللّٰهُمَّ اِنَّكَ تَسْمَعُ كَلَامِى وَتَرٰى مَكَانِى
وَتَعْلَمُ سِرِّى وَعَلَانِيَتِى لَا يَخْفٰى عَلَيْكَ
شَيْئٌ مِنْ اَمْرِى ـ وَاَنَا الْبَائِسُ الفَقِيرُ
اَلْمُسْتَغِيْثُ الْمُسْتَجِيرُ الوَجِلُ الْمُشْفِقُ
الْمُقِرُّ الْمُعْتَرِفُ بِذَنْبِهٖ ـ اَسْأَلُكَ مَسْئَلَةَ
الْمِسْكِيْنِ وَابْتَهِلُ اِلَيْكَ اِبْتِهَالَ
الْمُذْنِبِ الذَّلِيْلِ ـ وَاَدْعُوْكَ دُعَاءَ
الْخَائِفِ الضَّرِيرِ مَنْ خَضَعَتْ لَكَ
رَقَبَتُهٗ وَفَاضَتْ لَكَ عَبْرَتُهٗ وَذَلَّ لَكَ
جِسْمُهٗ وَرَغِمَ لَكَ اَنْفُهٗ ـ اَللّٰهُمَّ لَا تَجْعَلْنِى
بِدُعَائِكَ شَقِيًّا وَكُنْ بِى رَءُوفًا رَحِيْمًا ـ يَا
خَيْرَ الْمَسْئُولِيْنَ وَيَا خَيْرَ الْعُطِيْنَ

## PRINTED BOOKS

To

From

Ahmadiyya Mission House
K.N.Road Karapparamba
Calicut -10

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 August 03 at : Baitul Futuh London
Translation: M.Nasir Ahmed Kodiyathur 09497343704

Typing: Tahir Ahmed & Semiyya Sulthana
Printed at: Digital Image Calicut.
Published by: Majlis Khuddamul Ahmadiyya, North Kerala